**20U325** (Pages: 2) Name: ................................

Reg.No: ................................

**THIRD SEMESTER B.A. DEGREE EXAMINATION, NOVEMBER 2021**

(CBCSS - UG)

(Regular/Supplementary/Improvement)

**CC19U MAL3 B03 - നവീന മലയാള കവിത**

(Malayalam - Core Course)

(2019 Admission onwards)

Time : 2.5 Hours Maximum : 80 Marks

Credit : 4

**Part A** (Short answer questions)

Answer ***all*** questions. Each question carries 2 marks.

1. ആധുനികത എന്ന പദത്തിന്റെ അർത്ഥം എന്ത്?
2. നാടോടി സംസ്കാരവുമായി ബന്ധപ്പെട്ട രണ്ട് കവിതകളുടെ പേരെഴുതുക.
3. "വാളെടുത്തോളൂ വെളിച്ചപ്പെടാമെന്നു വാദിക്കയാണൊരു രാഷ്ട്രീയ നായകൻ" -വിവക്ഷഎന്ത് ?
4. മരംവെട്ടുകാരന്റെ മഴുതിരിഞ്ഞ്അവനവനിലേക്കുതന്നെ ആഴ്ന്നിറങ്ങുന്നതുമറിഞ്ഞു-വിവക്ഷഎന്ത് ?
5. എന്താണ് പ്രത്യയശാസ്ത്രം?
6. " പക്ഷേ സഞ്ജയാ കുട്ടികളോടുപോലും എനിക്കെന്തോ പേടി തോന്നുന്നു" കാരണമെന്ത്?
7. "... പക്ഷേ, ഈ ഇന്ത്യയെയല്ല, ഈ എല്ലിൻ താഴ് വരയെയല്ല." - ആശയം വിശദമാക്കുക
8. എന്താണ് പെണ്ണെഴുത്ത് ?
9. 'കാടെവിടെ മക്കളേ' എന്ന കവിത ഏതു ഗണത്തിലാണ് ഉൾപ്പെടുക?
10. കവിപ്രേയസി' എന്ന കവിതയിൽ ഭാര്യ കോൾമിയർക്കൊള്ളുന്നതെപ്പോഴാണ് ?
11. അരുവിയിൽ കാണുന്ന മൃഗത്തിന്റെ പ്രതിബിംബത്തെ വിജയലക്ഷ്മി അവതരിപ്പിച്ചിരിക്കുന്നതെങ്ങനെ ?
12. പന്തിനെക്കുറിച്ചുള്ള കുട്ടിയുടെ സ്വപ്നം എന്താണ് ?
13. പുണ്യവാളൻമാരെക്കുറിച്ചുള്ള കവിയുടെ ചിന്തകളെന്തെല്ലാം ?

14. ചിത്രക്കളിച്ചതുരത്തിൽ ഇരുന്നു മടുത്തപ്പോൾ പുറത്തിറങ്ങി നിൽക്കുന്നവർ ആരെല്ലാം ?

15. കവിക്ക് സ്വന്തം വീടിനോട് വെറുപ്പ് തോന്നുന്നത് എന്തുകൊണ്ട് ?

**(Ceiling: 25 Marks)**

**Part B** (Paragraph questions)

Answer ***all*** questions. Each question carries 5 marks.

16. മലയാളത്തിൽ ആധുനികത രൂപപ്പെട്ടുവന്ന സാഹചര്യങ്ങൾ വിശദമാക്കുക ?

17. "പായൽച്ചുരുൾചുറ്റി ദാഹനീർത്തേടാത്തകായലും തോടുകളുമെവിടെന്റെ മക്കളേ "- ആശയം വിശദമാക്കുക

18. വിപ്ലവാഭിമുഖ്യം 'ബംഗാൾ 'എന്ന കവിതയിൽ പ്രകടമാകുന്നതെങ്ങനെ?

19. മുന്നോട്ടു പോകാത്ത പെൺജീവിതങ്ങളുടെ ദുർവിധിയെ ആറ്റൂർവിവരിക്കുന്നതെങ്ങനെ?

20. വിവാഹം സ്ത്രീക്ക് തടവറയാണെന്ന് പുരുഷാധിപത്യസമൂഹത്തോട് വിളിച്ചു പറഞ്ഞ എഴുത്തുകാരിയാണ് സരസ്വതിയമ്മ - വിലയിരുത്തുക

21. പെൺകുഞ്ഞിനെ കുറിച്ച് അമ്മ കാണുന്ന ഭാവി സ്വപ്നങ്ങൾ എന്തെല്ലാം ?

22. ആധുനിക കാലത്ത് അന്യവൽക്കരിക്കപ്പെട്ടു പോയ ദളിതരെ കൊട്ട എന്ന കവിതയിൽ ആവിഷ്ക്കരിക്കുന്നതെങ്ങനെ?

23. ഇല്ലാത്ത സ്വാതന്ത്ര്യത്തിന്റെ കനം ഈ അലച്ചിൽ - സന്ദർഭം വിശദീകരിക്കുക ?

**(Ceiling: 35 Marks)**

**Part C** (Essay questions)

Answer any ***two*** questions. Each question carries 10 marks.

24. ആധുനികമലയാളകവിതയുടെ സവിശേഷതകൾ എന്തെല്ലാം ? 'കാടെവിടെ മക്കളേ 'എന്ന കവിതയെ മുൻനിർത്തി വിശകലനംചെയ്യുക

25. പുരാവൃത്തങ്ങളുടെ പുനരുപയോഗം 'ബംഗാൾ 'എന്ന കവിതയിലൂടെ സാക്ഷാത്കരിക്കപ്പെടുന്നത് എങ്ങനെ ?പരിശോധിക്കുക.

26. സമകാലികാവസ്ഥയിലും സ്ത്രീജീവിതം മാറ്റത്തിന് വിധേയമല്ല എന്ന് സൂചിപ്പിക്കുകയാണ് അടുക്കളയില്ലാത്തവീട് എന്ന കവിത –സമർത്ഥിക്കുക

27. അത്താഴം എന്ന കവിതയ്ക്ക് ഒരു ആസ്വാദനം തയ്യാറാക്കുക ?

**(2 × 10 = 20 Marks)**

*******